പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 72

14/01/2021 ൽ മറുപടിക്ക്

**മൃഗസംരക്ഷണ മേഖലയിലെ പരിഷ്കാരങ്ങൾ**

ചോദ്യം

**ശ്രീമതി. സി.കെ. ആശ**
**ശ്രീ.മുല്ലക്കര രത്നാകരൻ**
**ശ്രീ.ജി.എസ്. ജയലാൽ**
**ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ**

മറുപടി

**അഡ്വ .കെ.രാജു**
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി).

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയെന്നറിയിക്കുമോ; | (എ) | 1. സംസ്ഥാനത്തെ 26 മൃഗചികിത്സാ സ്ഥാപനങ്ങളിൽ 24 മണിക്കൂർ സേവനം ഏർപ്പെടുത്തി.<br>2. സംസ്ഥാനത്തെ മുഴുവൻ ബ്ലോക്കുകളിലും രാത്രികാല അടിയന്തിര മൃഗചികിത്സ സേവനം ഏർപ്പെടുത്തി.<br>3. സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി.<br>4. ഭരണസംവിധാനം സുതാര്യമാക്കി സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി e-office സംവിധാനം പൂർണ്ണമായി നടപ്പിലാക്കി.<br>5. മൃഗസംരക്ഷണ മേഖലയിലെ വിജ്ഞാന വ്യാപനപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ മീഡിയ ഡിവിഷൻ രൂപീകരിക്കുന്നതിന് അനുമതി നൽകി.<br>6. വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാമ്പത്തികവും ഭരണപരവുമായ അധികാരങ്ങൾ പരിഷ്കരിച്ച് വികേന്ദ്രീകരിച്ചു. |
| **(ബി)** | ഈ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നൂതന ആശയങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ മൃഗസംരക്ഷണ മേഖലയുടെ പുനരുജ്ജീവനത്തിനായി ജീവനോപാധി പാക്കേജ് നടപ്പിലാക്കുന്നു. റീബിൽഡ് കേരളയുടെ കീഴിൽ ആധുനിക ചികിൽസ സേവനം കർഷകന്റെ വീട്ടുപ്പടിക്കൽ ഉറപ്പാക്കുന്ന Mobile Tele Veterinary Unit നടപ്പിലാക്കുന്നു. |
| (സി) | കർഷകർക്ക് ഉപകാരപ്രദമായ എന്തെല്ലാം പരിശീലന പരിപാടികളാണ് മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) | സംരംഭകത്വ വികസന പരിപാടികൾ ഉൾപ്പെടെയുള്ള പരിശീലന പരിപാടികളാണ് വകുപ്പിന് കീഴിൽ സംഘടിപ്പിക്കുന്നത്. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള 11 പരിശീലനകേന്ദ്രങ്ങൾ വഴി കറവപ്പശു പരിപാലനം, എരുമ വളർത്തൽ, ആട് വളർത്തൽ, പന്നി വളർത്തൽ, മുയൽ വളർത്തൽ, മുട്ടക്കോഴി വളർത്തൽ, ഇറച്ചിക്കോഴി |

| | | | |
|---|---|---|---|
| | | | വളർത്തൽ, വീട്ടുവളപ്പിലെ കോഴിവളർത്തൽ, താറാവ് വളർത്തൽ, ടർക്കി കോഴി വളർത്തൽ, തീറ്റപ്പുൽകൃഷി, എമു വളർത്തൽ, വ്യാവസായികാടിസ്ഥാനത്തിൽ പശു വളർത്തൽ, കാടക്കോഴി വളർത്തൽ, നായവളർത്തൽ, പോത്തുകുട്ടി പരിപാലനം, ഓമനപ്പക്ഷികളുടെ പരിപാലനം എന്നീ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |
| (ഡി) | വകുപ്പും തദ്ദേശ ഭരണ സ്ഥാപനങ്ങളും ചേർന്ന് പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടോ; ആയതിന്റെ വിശദവിവരങ്ങൾ അറിയിക്കുമോ? | (ഡി) | വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനു സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് പുറമെ, റീ ബിൽഡ് കേരളയുടെ കീഴിലുള്ള ഉപജീവനപദ്ധതികൾ, സംസ്ഥാനപദ്ധതികളിലെ ഗുണഭോക്തൃ പദ്ധതികൾ എന്നിവയും സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.<br>മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ചുവടെ പറയുന്ന സംസ്ഥാന പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു.<br>1. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിൽസാ സേവനം<br>2. കന്നുകാലി വികസന പദ്ധതി<br>3. കന്നുകുട്ടി പരിപാലന പദ്ധതി (ഗോവർദ്ധിനി പദ്ധതി)<br>4. ഊർജ്ജിത കന്നുകാലി വികസനം -ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ<br>5. ബാക്ക് യാർഡ് പൗൾട്രി ഡവലപ്മെന്റ് പ്രോജക്ട്<br>6. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)<br>7. ആട് വളർത്തൽ യൂണിറ്റുകൾ.<br>8. കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി<br>9. ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി<br>10. അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി) പദ്ധതിയുടെ കീഴിൽ<br>a) ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം<br>b) മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി<br>c) വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി<br>11. വെറ്ററിനറി സേവനം<br>12. കർഷക പരിശീലന പരിപാടികൾ |

സെക്ഷൻ ഓഫീസർ